**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 467** **03-11-2021 - ൽ മറുപടിയ്ക്ക്**

**മാസ്കുകളുടെയും സാനിറ്റൈസറുകളുടെയും ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുരക്ഷിതമല്ലാത്ത മാസ്കുകളും ഗുണമേന്മയില്ലാത്ത സാനിറ്റൈസറുകളും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകളും മാസ്കുകളും വലിയതോതിൽ ആവശ്യമായി വന്ന സാഹചര്യത്തിൽ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ മതിയായ തോതിൽ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്കായി സാധാരണ മാസ്കുകളും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമായി N95 മാസ്കിന്റെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. N95/ സർജിക്കൽ മാസ്കുകളെ 2021 ഫെബ്രുവരി 11 ലെ കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപന പ്രകാരം മെഡിക്കൽ ഡിവൈസുകൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ നിർമ്മാണ വിപണന നിയന്ത്രണത്തിന് ലൈസൻസുകൾ അത്യന്താപേക്ഷിതമല്ല. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഴ്സിൽ ഇവയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ കേന്ദ്ര സർക്കാർ നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ വിപണിയിൽ ലഭ്യമായിട്ടുള്ള മാസ്കുകൾ National Pharmaceutical Price Monitoring Authority (NPPA)യുടെ 23/6/2020-ലെ 37007/2020/ഡിഐവി.III/ എൻപിപിഎ നം. ഓഫീസ് മെമ്മോറാൻഡം പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ച് ഇവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ കോവിഡ് |

-19 ന്റെ ഒന്നാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾക്കും ഹാൻഡ് വാഷുകൾക്കുമുള്ള ലഭ്യത വിപണിയിൽ തുലോം കുറവായിരുന്നു. ഗുണനിലവാരമുള്ള സാനിറ്റൈസറുകൾ/ ഹാൻഡ് വാഷുകൾ ആവശ്യത്തിന് ലഭിക്കുന്നതിലേക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഔഷധ/ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കുൾപ്പടെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി നിർമ്മാണ ലൈസൻസുകൾ (75 ഹാൻഡ് സാനിറ്റൈസർ നിർമ്മാണ ലൈസൻസുകൾ) അടിയന്തിരമായി വകുപ്പ് അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ലഭ്യത വിപണിയിൽ ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചിട്ടുള്ള ലൈസൻസുകളില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത ഹാൻഡ് സാനിറ്റൈസറുകൾ നിയമനടപടികളുടെ ഭാഗമായി കണ്ടെടുക്കുകയും, വിപണിയിലുള്ള ഹാൻഡ് സാനിറ്റൈസറുകൾ ഗുണനിലവാര പരിശോധനക്കായി ശേഖരിക്കുകയും ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചവയുടെ വിപണനം അടിയന്തിരമായി തടയുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ്-19 ന്റെ രണ്ടാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾ, N-95 മാസ്കുകൾ ഉൾപ്പെടെയുള്ള ഫെയ്സ് മാസ്കുകളും സുലഭമായി വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഹാൻഡ് സാനിറ്റൈസറുകളിലെ ആൽക്കഹോളിന്റെ അളവ് 75-80% ആയി നിജപ്പെടുത്തിക്കൊണ്ട് ലോകാരോഗ്യ സംഘടന ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ടോയെന്നതാണ് പരിശോധനയുടെ മുഖ്യ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. ഇത് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ലാബുകളിലും സംവിധാനമുണ്ട്. ഇപ്രകാരം ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയ 827 ഹാൻഡ് സാനിറ്റൈസറുകളിൽ കേവലം 39 സാനിറ്റൈസറുകൾ മാത്രമേ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളൂ. സാനിറ്റൈസറുകളുടെ സാമ്പിൾ ശേഖരണവും ഗുണനിലവാര പരിശോധനയും കർശനമായ രീതിയിൽ വകുപ്പ് നടപ്പിലാക്കുകയും ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാത്ത 24 സ്ഥാപനങ്ങൾക്കെതിരെയും, ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത 30 സ്ഥാപനങ്ങൾക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ

| | | | |
|---|---|---|---|
| | | | വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി ലാബുകളിൽ ഹാൻഡ് സാനിറ്റൈസറുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. |
| (ബി) | സാനിറ്റൈസറുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകളും മാസ്കുകളും വലിയതോതിൽ ആവശ്യമായി വന്ന സാഹചര്യത്തിൽ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ മതിയായ തോതിൽ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്കായി സാധാരണ മാസ്കുകളും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമായി N95 മാസ്കിന്റെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. N95/ സർജിക്കൽ മാസ്കുകളെ 2021 ഫെബ്രുവരി 11 ലെ കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപന പ്രകാരം മെഡിക്കൽ ഡിവൈസുകൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ നിർമ്മാണ വിപണന നിയന്ത്രണത്തിന് ലൈസൻസുകൾ അത്യന്താപേക്ഷിതമല്ല. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഴ്സിൽ ഇവയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ കേന്ദ്ര സർക്കാർ നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ വിപണിയിൽ ലഭ്യമായിട്ടുള്ള മാസ്കുകൾ National Pharmaceutical Price Monitoring Authority (NPPA)യുടെ 23/6/2020-ലെ 37007/2020/ഡിഐഎവി.III/ എൻപിപിഎ നം. ഓഫീസ് മെമ്മോറാൻഡം പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ച് ഇവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ കോവിഡ് -19 ന്റെ ഒന്നാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾക്കും ഹാൻഡ് വാഷുകൾക്കുമുള്ള ലഭ്യത വിപണിയിൽ തുലോം കുറവായിരുന്നു. ഗുണനിലവാരമുള്ള സാനിറ്റൈസറുകൾ/ ഹാൻഡ് വാഷുകൾ ആവശ്യത്തിന് ലഭിക്കുന്നതിലേക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഔഷധ/ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കുൾപ്പടെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി നിർമ്മാണ ലൈസൻസുകൾ |

| | | | |
|---|---|---|---|
| | | | (75 ഹാൻഡ് സാനിറ്റൈസർ നിർമ്മാണ ലൈസൻസുകൾ) അടിയന്തിരമായി വകുപ്പ് അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ലഭ്യത വിപണിയിൽ ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചിട്ടുള്ള ലൈസൻസുകളില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത ഹാൻഡ് സാനിറ്റൈസറുകൾ നിയമനടപടികളുടെ ഭാഗമായി കണ്ടെടുക്കുകയും, വിപണിയിലുള്ള ഹാൻഡ് സാനിറ്റൈസറുകൾ ഗുണനിലവാര പരിശോധനക്കായി ശേഖരിക്കുകയും ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചവയുടെ വിപണനം അടിയന്തിരമായി തടയുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ്-19 ന്റെ രണ്ടാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾ, N-95 മാസ്കുകൾ ഉൾപ്പെടെയുള്ള ഫെയ്സ് മാസ്കുകളും സുലഭമായി വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഹാൻഡ് സാനിറ്റൈസറുകളിലെ ആൽക്കഹോളിന്റെ അളവ് 75-80% ആയി നിജപ്പെടുത്തിക്കോണ്ട് ലോകാരോഗ്യ സംഘടന ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ടോയെന്നതാണ് പരിശോധനയുടെ മുഖ്യ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. ഇത് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ലാബുകളിലും സംവിധാനമുണ്ട്. ഇപ്രകാരം ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയ 827 ഹാൻഡ് സാനിറ്റൈസറുകളിൽ കേവലം 39 സാനിറ്റൈസറുകൾ മാത്രമേ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളൂ. സാനിറ്റൈസറുകളുടെ സാമ്പിൾ ശേഖരണവും ഗുണനിലവാര പരിശോധനയും കർശനമായ രീതിയിൽ വകുപ്പ് നടപ്പിലാക്കുകയും ഗുണനിലവര മാനദണ്ഡങ്ങൾ പാലിക്കാത്ത 24 സ്ഥാപനങ്ങൾക്കെതിരെയും, ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത 30 സ്ഥാപനങ്ങൾക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂറ്ററി ലാബുകളിൽ ഹാൻഡ് സാനിറ്റൈസറുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. |
| (സി) | സ്കൂളുകളും കോളേജുകളും തുറക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള മാസ്ക്, സാനിറ്റൈസർ എന്നിവ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ